**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 664** **17-09-2025 - ൽ മറുപടിയ്ക്ക്**

**രാജ്യത്തിന്റെ കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തിന്റെ കയറ്റുമതിമേഖലയിൽ കേരളത്തിന്റെ വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻ നൽകിയ കണക്ക് പ്രകാരം രാജ്യത്തിന്റെ കയറ്റുമതി മേഖലയിൽ 2020 മുതൽ 2025 വരെയുള്ള കാലയളവിലെ കേരളത്തിന്റെ വിഹിതം ചുവടെ ചേർക്കുന്നു.<br><br>2020-21 - 3.94 ബില്ല്യൻ യു.എസ് ഡോളർ<br><br>2021-22 - 4.58 ബില്ല്യൻ യു.എസ് ഡോളർ<br><br>2022-23 - 4.37 ബില്ല്യൻ യു.എസ് ഡോളർ<br><br>2023-24 - 8.17 ബില്ല്യൻ യു.എസ് ഡോളർ<br><br>2024-25 - 4.77 ബില്ല്യൻ യു.എസ് ഡോളർ |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന വിഹിതം എത്ര ശതമാനം ആയിരുന്നുവെന്നും അതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻ നൽകിയ കണക്ക് പ്രകാരം 2020-21 കാലയളവിൽ നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന വിഹിതം 1.35% ആയിരുന്നു. 2023-24 സാമ്പത്തിക വർഷം അത് 1.87% ആയി വർദ്ധിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ ഏതെല്ലാമാണ്; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ ഒരു പ്രമുഖ കയറ്റുമതി കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കും, വ്യക്തികൾക്കും വിവിധ തരത്തിലുള്ള പിന്തുണയും,സഹായങ്ങളും നല്കുന്നതിനായി 30.01.2025 തീയതിയിലെ ജി ഒ (എം എസ്) നം 6/2025/ഐഡി സർക്കാർ ഉത്തരവ് പ്രകാരം കയറ്റുമതി പ്രോത്സാഹന നയം രൂപീകരിച്ചിട്ടുള്ളതാണ്. കേരളത്തിന്റെ തനതു വിഭവങ്ങളും ഭൂമി ശാസ്ത്രപരമായ നേട്ടങ്ങളും ഉപയോഗിച്ച് സംസ്ഥാനത്ത് വാണിജ്യ സാധ്യതകൾ വർദ്ധിപ്പിക്കുക, പുതിയ വാണിജ്യ അവസരങ്ങൾ തുറക്കുക അന്താരാഷ്ട്ര വ്യാപാര ഭൂപടത്തിൽ കേരളത്തെ ഒരു പ്രധാന കേന്ദ്രമാക്കി മാറ്റുക അതുവഴി |

| | | | |
|---|---|---|---|
| | | | കയറ്റുമതി മേഖലയിൽ വികസനം കൊണ്ടുവരികയും, സാമ്പത്തിക ഉന്നമനത്തിന് വഴിയൊരു ക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങൾ ഈ നയത്തിലൂടെ കൈവരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ